പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6570 | 8.11.2016 ൽ മറുപടിയ്ക്ക്

**സെറിബ്രൽ പാർസി, ഓട്ടിസം, മാനസികവളർച്ചയില്ലായ്മ തുടങ്ങിയവ മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് ധനസഹായം**

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

ശ്രീ.എൽദോസ് കുന്നപ്പിള്ളി

ശ്രീ.വി.ടി.ബൽറാം

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സെറിബ്രൽ പാർസി, ഓട്ടിസം, മാനസിക വളർച്ചയില്ലായ്മ തുടങ്ങിയവയാൽ കഷ്ടത അനുഭവിക്കുന്നവർക്ക് ധനസഹായം നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വളർച്ചയില്ലായ്മ തുടങ്ങിയവയാൽ കഷ്ടത അനുഭവിക്കുന്നവർക്ക് പ്രത്യേക ധനസഹായ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പ്രസ്തുത വൈകല്യങ്ങൾ ഉൾപ്പെടെ എല്ലാ അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.<br>സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികളെ പരിചരിക്കുന്നയാൾക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ 600/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകി വരുന്നു<br>സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികൾക്ക് വിവിധ തെറാപ്പികളും വിദ്യാഭ്യാസവും നൽകുന്ന സ്ഥാപനമായ തൃശ്ശൂർ ഇരിങ്ങാലക്കുടയിലെ National Institute of Physical Medicine & Rehabilitation ലെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനുള്ള ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകി വരുന്നു. |
| (ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന ഭവനങ്ങളെ വീട്ടുകരത്തിൽ നിന്നും ഒഴിവാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ